**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 160** — **22-02-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ ആരോഗ്യ കേന്ദ്രങ്ങളുടെ പുനരുദ്ധാരണത്തിന് പ്രത്യേക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാടിന്റെ പ്രത്യേക പാരിസ്ഥിതിക പ്രത്യേകതകൾ പരിഗണിച്ച് സി.എച്ച്.സി, പി.എച്ച്.സി എന്നിവയുടെ സമഗ്ര നവീകരണത്തിന് ഒരു പ്രത്യേക പാക്കേജ് നടപ്പാക്കുമോ എന്ന് വ്യക്തമാക്കാമോ; | (എ) | കുട്ടനാട് നിയോജകമണ്ഡലത്തിൽ 4 സാമൂഹ്യാരോഗ്യകേന്ദ്രങ്ങൾ, 8 കുടുംബാരോഗ്യകേന്ദ്രങ്ങൾ, ഒരു താലൂക്ക് ആശുപത്രി എന്നീ സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾ നിലവിലുണ്ട്. ആർദ്രം ഒന്നാം ഘട്ട പദ്ധതി പ്രകാരം കുടുംബാരോഗ്യകേന്ദ്രം നീലംപേരൂരിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും, കുടുംബാരോഗ്യകേന്ദ്രം തലവടിയിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നേഴ്സ്, രണ്ട് ലാബ് ടെക്നീഷ്യൻ, ഒരു ഫാർമ്മസിസ്റ്റ് എന്നീ തസ്തികകളും അനുവദിച്ചിട്ടുണ്ട്. ആർദ്രം രണ്ടാം ഘട്ട പദ്ധതി പ്രകാരം തകഴി, കാവാലം, കപ്പപ്പുറം, രാമങ്കരി, വീയപുരം എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടറുടെയും സ്റ്റാഫ് നേഴ്സിന്റെയും ഓരോ തസ്തികകൾ വീതം അനുവദിച്ചിട്ടുണ്ട്. ആർദ്രം മൂന്നാം ഘട്ട പദ്ധതി പ്രകാരം മുട്ടാർ കുടുംബാരോഗ്യകേന്ദ്രത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപോസലും, ചമ്പക്കുളം, വെളിയനാട് എന്നീ ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രങ്ങളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും, അടിസ്ഥാനസൗകര്യ വികസനത്തിനുമുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. കൂടാതെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ കുട്ടനാട് മണ്ഡലത്തിലെ പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിൽ ഒരു ഡോക്ടർ, ഒരു റേഡിയോ ഗ്രാഫർ ഗ്രേഡ് II, ഒരു എക്സ്റേ അറ്റൻഡർ, ഒരു ഫാർമസിസ്റ്റ് ഗ്രേഡ് II, നാല് സ്റ്റാഫ് നേഴ്സ് ഗ്രേഡ് II, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | കുട്ടനാട്ടിലെ ആരോഗ്യകേന്ദ്രങ്ങളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിനും മരുന്നുകൾ ലഭ്യമാക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകുമോ ? | (ബി) | കുട്ടനാട് നിയോജകമണ്ഡലത്തിൽ 4 സാമൂഹ്യാരോഗ്യകേന്ദ്രങ്ങൾ, 8 കുടുംബാരോഗ്യകേന്ദ്രങ്ങൾ, ഒരു താലൂക്ക് ആശുപത്രി |

| | | | |
|---|---|---|---|
| | | | എന്നീ സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾ നിലവിലുണ്ട്. ആർദ്രം ഒന്നാം ഘട്ട പദ്ധതി പ്രകാരം കുടുംബാരോഗ്യകേന്ദ്രം നീലംപേരൂരിൽ ഒരു ഡോക്ടർ, രണ്ടു സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും, കുടുംബാരോഗ്യകേന്ദ്രം തലവടിയിൽ ഒരു ഡോക്ടർ, രണ്ടു സ്റ്റാഫ് നേഴ്സ്, രണ്ടു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമ്മസിസ്ററ് എന്നീ തസ്തികകളും അനുവദിച്ചിട്ടുണ്ട്. ആർദ്രം രണ്ടാം ഘട്ട പദ്ധതി പ്രകാരം തകഴി, കാവാലം, കപ്പപ്പുറം, രാമങ്കരി, വീയപുരം എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടറുടെയും സ്റ്റാഫ് നേഴ്സിന്റെയും ഓരോ തസ്തികകൾ വീതം അനുവദിച്ചിട്ടുണ്ട്. ആർദ്രം മൂന്നാം ഘട്ട പദ്ധതി പ്രകാരം മുട്ടാർ കുടുംബാരോഗ്യകേന്ദ്രത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപോസലും, ചമ്പക്കുളം, വെളിയനാട് എന്നീ ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രങ്ങളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും, അടിസ്ഥാനസൗകര്യ വികസനത്തിനുമുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. കൂടാതെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ കുട്ടനാട് മണ്ഡലത്തിലെ പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിൽ ഒരു ഡോക്ടർ, ഒരു റേഡിയോ ഗ്രാഫർ ഗ്രേഡ് II, ഒരു എക്സ്റേ അറ്റൻഡർ, ഒരു ഫാർമസിസ്റ്റ് ഗ്രേഡ് II, നാല് സ്റ്റാഫ് നേഴ്സ് ഗ്രേഡ് II, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ